# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 20

# വാർത്താക്കുറിപ്പ്

## എം.ജി. യു.ജി. ഏകജാലകം; ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**- അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 23ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദപ്രവേശനത്തിനുള്ള ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 23ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം. ഫൈനൽ അലോട്ട്മെന്റിൽ ആദ്യം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ സ്ഥിരപ്രവേശനം നേടണം. താത്ക്കാലിക പ്രവേശനം അനുവദിക്കില്ല. ഒന്നാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ചവരെ ഒഴിവാക്കിയാണ് രണ്ടാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്.

(പി.ആർ.ഒ./39/1377/2019)

## എം.ജി. പി.ജി. ഏകജാലകം; ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**- അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 22ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനായുള്ള ഒന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 22ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം. ഫൈനൽ അലോട്ട്മെന്റിൽ ആദ്യം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ സ്ഥിരപ്രവേശനം നേടണം. താത്ക്കാലിക പ്രവേശനം അനുവദിക്കില്ല. ഒന്നാം ഫൈനൽ അലോട്ട്മെന്റ് ലഭിച്ചവരെ ഒഴിവാക്കിയാണ് രണ്ടാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നത്.

(പി.ആർ.ഒ./39/1378/2019)

## പ്രാക്ടിക്കൽ

2019 മെയിൽ നടത്തിയ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്. (റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ) - ബി.എ. കഥകളി - വേഷം, സംഗീതം, അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 - 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ റീഅപ്പിയറൻസ്) കഥകളി ചെണ്ട കോഴ്സുകളുടെ പ്രാക്ടിക്കൽ ജൂലൈ 24 മുതൽ 30 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1379/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.ബി.എ. (2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ വൈവാവോസിയും പ്രോജക്ട് മൂല്യനിർണയവും ജൂലൈ 22 മുതൽ ഓഗസ്റ്റ് മൂന്നുവരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1380/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1381/2019)

2018 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഡബിൾ ഡിഗ്രി ഇന്റഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി. ഓണേഴ്സ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1382/2019)

## ലാബ് ടെക്നീഷ്യൻ, ലാബ് അസിസ്റ്റന്റ്

## വോക് - ഇൻ - ഇന്റർവ്യൂ ഓഗസ്റ്റ് ഒന്നിന്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കോട്ടയം തലപ്പാടി അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ലബോറട്ടറി ടെക്നീഷ്യൻ, ലബോറട്ടറി അസിസ്റ്റന്റ് എന്നിവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വോക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഓരോ ഒഴിവാണുള്ളത്. ഒരു വർഷമാണ് കാലാവധി. യോഗ്യത: ബി.എസ്സി. നഴ്സിംഗ്/ലബോറട്ടറി ടെക്നീഷ്യൻ കോഴ്സിൽ ഡിഗ്രി/ഡിപ്ലോമ, മൂന്നു വർഷത്തിൽ കുറയാതെ പ്രവൃത്തി പരിചയം (ഗവേഷണ പരിചയവും ഉന്നത യോഗ്യതയും അഭികാമ്യം). യോഗ്യരായവർ ഓഗസ്റ്റ് ഒന്നിന് രാവിലെ 10ന് അസൽ രേഖകളും പകർപ്പുകളുമായി ഗവേഷണകേന്ദ്രത്തിൽ നേരിട്ട് എത്തണം. വിശദവിവരം www.iucbr.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1383/2019)

## പുതുക്കിയ പരീക്ഷഫലം

2017 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ., എൽ.എൽ.ബി. ഓണേഴ്സ് പരീക്ഷയുടെ പുതുക്കിയ പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് ഒന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1384/2019)

## സീനിയർ സയന്റിസ്റ്റ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കോട്ടയം തലപ്പാടി അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ സീനിയർ സയന്റിസ്റ്റുമാരുടെ മൂന്ന് ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. പൊതുവിഭാഗം, പട്ടികജാതി, ഒ.ബി.സി. (ഈഴവ, തിയ്യ, ബില്ലവ, മുസ്ലീം) വിഭാഗങ്ങളിൽ ഓരോ ഒഴിവാണുള്ളത്. വിശദവിവരം www.iucbr.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1385/2019)

## സ്കോളർഷിപ്പ്; രേഖകൾ നൽകണം

ന്യൂനപക്ഷക്ഷേമ വകുപ്പ് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്കായി നൽകുന്ന സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്, പുതുക്കൽ), ഐ.ടി.സി. ഫീസ് റീഇംപേഴ്സ്മെന്റ് സ്കീം, സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫോർ ടാലന്റഡ് സ്റ്റുഡന്റ്സ് എന്നിവയ്ക്ക് 2015-16, 2016-17 വർഷം അർഹരായവർക്ക് തുക ലഭ്യമായിട്ടില്ലെങ്കിൽ വിവരങ്ങൾ സമർപ്പിക്കണം. ബാങ്ക് അക്കൗണ്ട് സംബന്ധമായ പ്രശ്നങ്ങൾ കാരണം തുക ലഭിക്കാത്തവർ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, 2015 മുതൽ 2018 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ്, അവാർഡ് പട്ടികയുടെ പകർപ്പ് എന്നിവ ജൂലൈ 30ന് മുമ്പായി scholarship.mwd@gmail.com എന്ന വിലാസത്തിലോ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിലോ നൽകണം. ജൂലൈ 30ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കില്ല.

(പി.ആർ.ഒ./39/1386/2019)

## നാനോ സയൻസ് – നാനോ ടെക്നോളജിയിൽ

## ജെ.ആർ.എഫ്.; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ യു.ജി.സി. - ഡി.എ.ഇ. കൺസോർഷ്യം ഫോർ സയന്റിഫിക് റിസർച്ച് പ്രൊജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെലോഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. 'ഗാമറെ അസിസ്റ്റഡ് ക്രോസ്‌ലിംഗ്ഡ് സിലിക്കൺ റബർ ബെയ്‌സ്ഡ് ഇ.എം.ഐ. ഷീൽഡിംഗ് മെറ്റീരിയൽ' എന്ന വിഷയത്തിലാണ് പ്രൊജക്ട്. ഒരൊഴിവാണുള്ളത്. ഒരു വർഷമാണ് കാലാവധി. 14000 രൂപയും വീട്ടുവാടക അലവൻസും ലഭിക്കും. യോഗ്യത: എം.എസ്‌സി. കെമിസ്ട്രി/പോളിമർ സയൻസ് ബിരുദം, നെറ്റ് (യു.ജി.സി. സി.എസ്.ഐ.ആർ.) അല്ലെങ്കിൽ ഒന്നാം ക്ലാസോടുകൂടിയ എം.ഇ./എം.ടെക് ബിരുദം. ബയോഡാറ്റയും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം അപേക്ഷ പ്രൊഫ. സാബു തോമസ്, സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി.ഹിൽസ് പി.ഒ., കോട്ടയം – 686560 എന്ന വിലാസത്തിൽ നൽകണം. വിശദവിവരത്തിന് ഇമെയിൽ: sabuthomas@mgu.ac.in.

(പി.ആർ.ഒ./39/1387/2019)

## എം.ജി.യിൽ വിദ്യാർഥിനികൾക്കായി

## പുതിയ ഹോസ്റ്റൽ; 90 പേർക്ക് താമസിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ ബിരുദാനന്തര ബിരുദ വിദ്യാർഥിനികൾക്കും വനിത ഗവേഷകർക്കുമായി രണ്ടുകോടി രൂപ ചെലവിൽ നിർമിച്ച പുതിയ ഹോസ്റ്റൽ തുറന്നു. 90 പേർക്ക് താമസിക്കാനുള്ള സൗകര്യമാണുള്ളത്. ഡൈനിംഗ് ഹാളും അടുക്കളയും മെസും ഇതിനോടനുബന്ധിച്ചുണ്ട്. ഇന്റർനെറ്റ്, ടെലിവിഷൻ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

യു.ജി.സി., സർവകലാശാല തനത് ഫണ്ട് എന്നിവ ഉപയോഗിച്ചാണ് നിർമാണം. സർവകലാശാല എൻജിനീയറിംഗ് യൂണിറ്റിനായിരുന്നു നിർമാണ ചുമതല. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. കെ. കൃഷ്ണദാസ്, ഡോ. ആർ. പ്രഗാഷ്, ഡോ. എം.എസ്. മുരളി, ഡോ. അജി സി. പണിക്കർ, ഡോ. എസ്. സുജാത, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, വി.എസ്. പ്രവീൺകുമാർ, പ്രൊഫ. സന്തോഷ് പി. തമ്പി, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിദ്യാർഥിനികൾക്കായി നിർമിച്ച പുതിയ ഹോസ്റ്റൽ**

(പി.ആർ.ഒ./39/1388/2019)

## അക്കാദമിക മികവിന് ആദരം

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവിഭാഗത്തിൽ യോഗാധ്യാപകനായ ഡോ. ടോംസ് എബ്രഹാമിന് അക്കാദമികരംഗത്തെ മികവിന് ആദരം. ഇഗ്നോ സർവകലാശാലയുടെ എം.എ. ഫിലോസഫി പരീക്ഷയിൽ സ്വർണമെഡലോടെ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ഡോ. ടോംസ് എബ്രഹാമിനെ ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവിഭാഗത്തിന്റെ ആഭിമുഖ്യത്തിലാണ് ആദരിച്ചത്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പൊന്നാടയും ഫലകവും നൽകി ആദരിച്ചു. സിൻഡിക്കേറ്റംഗം ഡോ. ആർ. പ്രഗാഷ്, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, അലുമ്നി അസോസിയേഷൻ പ്രസിഡന്റ് ജി. ശ്രീകുമാർ, സെക്യൂരിറ്റി ഓഫീസർ കെ.എം. ജോർജ്, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**ഇഗ്നോ സർവകലാശാലയുടെ എം.എ. ഫിലോസഫി പരീക്ഷയിൽ സ്വർണമെഡലോടെ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ഡോ. ടോംസ് എബ്രഹാമിനെ മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആദരിച്ചപ്പോൾ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഫലകം കൈമാറുന്നു**

(പി.ആർ.ഒ./39/1389/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ